ശ്രീ. റ്റി. ജെ. ജോസ്, ഐ.പി.എസ്., തനിക്ക് തുടർ നിയമനങ്ങൾ നൽകിയില്ലെന്നുകാണിച്ച് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ O.A. No. 180/00715/15 ഫയൽ ചെയ്യുകയും ട്രിബ്യൂണൽ 19-11-2015 പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1-1-2016-ലെ സ.ഉ. നമ്പർ 01/2016/GAD പ്രകാരം ശ്രീ. റ്റി. ജെ. ജോസ്, ഐ.പി.എസ്.-നെ IGP (Home Guards, Community Policing and Gender Justice) ആയി നിയമിക്കുകയുണ്ടായി.

(എഫ്) ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമ വ്യവസ്ഥയനുസരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

പെൺകുട്ടികളെ കാണാതായ കേസുകൾ

216 (1960) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം പെൺകുട്ടികളെ കാണാതായിട്ടുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പെൺകുട്ടികളെ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്ര കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്നും എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൺകുട്ടികളെ കാണാതായിട്ടുള്ള 2842 കേസുകളും, തട്ടിക്കൊണ്ടുപോയതിനെത്തുടർന്ന് കാണാതായിട്ടുള്ള 680 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ കാണാതായതിൽ 3039 പെൺകുട്ടികളെയും തട്ടിക്കൊണ്ടു പോയതിൽ 678 പെൺകുട്ടികളെയും കണ്ടെത്തിയിട്ടുണ്ട്.

(സി) ഇതിൽ തട്ടിക്കൊണ്ടുപോയതിനെത്തുടർന്ന് കാണാതായ കേസുകളിലാണ് കുറ്റപത്രം സമർപ്പിക്കാറുള്ളത്. ഇത്തരം 550 കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. അഞ്ച് പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ

217 (1961) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly